**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ വിനോദസഞ്ചാര മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി ഇളവുകൾ നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ)നം.1421/2021/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം: 28/07/2021

---

പരാമർശം:- കേരള കോൺഫെഡറേഷൻ ഓഫ് ടൂറിസം ഇൻഡസ്ട്രി സമർപ്പിച്ച 19/3/2020-ലെ നിവേദനം

**ഉത്തരവ്**

സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതിയ്ക്ക് ഗണ്യമായ പങ്ക് വഹിക്കുന്ന വിനോദസഞ്ചാര മേഖല കോവിഡ് മഹാമാരി കാരണം നേരിടുന്ന പ്രതിസന്ധികൾക്ക് പരിഹാരം കാണണമെന്ന് കേരള കോൺഫെഡറേഷൻ ഓഫ് ടൂറിസം ഇൻഡസ്ട്രി പരാമർശത്തിലെ നിവേദനം പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി. കോവിഡ് പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക് ഡൗൺ മൂലം 2020-21 സാമ്പത്തിക വർഷം വിനോദസഞ്ചാര മേഖലയിലെ ഹോട്ടലുകൾ, റിസോർട്ടുകൾ, ഹോംസ്റ്റേ തുടങ്ങിയ മിക്കവാറും എല്ലാ സ്ഥാപനങ്ങളും അടഞ്ഞു കിടന്നിരുന്നു. എന്നാൽ നാട്ടിലേക്ക് മടങ്ങാൻ കഴിയാതിരുന്ന ചുരുക്കം ചില വിനോദസഞ്ചാരികൾ ചില സ്ഥാപനങ്ങളിൽ താമസിക്കുന്നുണ്ടായിരുന്നു. ഇത്തരം സ്ഥാപനങ്ങളെ അടഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തണമെന്നും ആവശ്യമുയർന്നിരുന്നു. കൂടാതെ, പല സ്ഥാപനങ്ങൾക്കും യഥാസമയം കെട്ടിട നികുതി അടയ്ക്കുന്നതിനും, ലൈസൻസ് പുതുക്കുന്നതിനും കഴിയാത്ത സാഹചര്യവും ഉണ്ടായിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ വിനോദസഞ്ചാര മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന ഇളവുകൾ അനുവദിച്ച് ഉത്തരവാകുന്നു.

i. 2020-21 സാമ്പത്തിക വർഷം വിനോദസഞ്ചാര മേഖലയിലെ ഹോട്ടലുകൾ, റിസോർട്ടുകൾ, ഹോംസ്റ്റേ തുടങ്ങിയ സ്ഥാപനങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വസ്തു നികുതി പിഴ കൂടാതെ അടയ്ക്കുന്നതിനുള്ള അവസാന തീയതി 31.03.2022 വരെ ദീർഘിപ്പിച്ച് നൽകുന്നു.

ii. വിനോദസഞ്ചാര മേഖലയിലെ ഹോട്ടലുകൾ, റിസോർട്ടുകൾ, ഹോംസ്റ്റേ തുടങ്ങിയ സ്ഥാപനങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ

2021-22 വർഷത്തെ ലൈസൻസ് പിഴയില്ലാതെ പുതുക്കുന്നതിന്റെ കാലാവധി 31.03.2022 വരെ ദീർഘിപ്പിച്ച് നൽകുന്നു.

iii. വിനോദസഞ്ചാര മേഖലയിലെ ഹോട്ടലുകൾ, റിസോർട്ടുകൾ, ഹോംസ്റ്റേ എന്നിവ അടഞ്ഞു കിടന്ന കാലയളവിലേക്കുള്ള വസ്തു നികുതി ഇളവ് അനുവദിക്കുന്നതിന് ലഭിക്കുന്ന വേക്കൻസി റെമിഷൻ അപേക്ഷകൾ പരിഗണിക്കുമ്പോൾ, നാട്ടിലേക്ക് മടങ്ങാൻ കഴിയാതിരുന്ന വിനോദസഞ്ചാരികൾ താമസിച്ചിരുന്ന സ്ഥാപനങ്ങളെ കൂടി അടഞ്ഞു കിടക്കുന്ന ഗണത്തിൽപെടുത്തുന്ന വിഷയത്തിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പരിശോധിച്ച് തീരുമാനമെടുക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**നന്ദന ആർ പി**

**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, തിരുവനന്തപുരം.
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (ബന്ധപ്പെട്ട ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I /ഓഡിറ്റ് II), തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ടൂറിസം വകുപ്പ് (Ref: TOUR-C1/138/2020-TOUR).
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ഫയൽ നം. LSGD-RC2/58/2021-LSGD)

ഉത്തരവിൻ പ്രകാരം

Bindu.T

സെക്ഷൻ ഓഫീസർ